# പുതുവത്സര പ്രതിജ്ഞകൾ

**സി. ആൻഡ്രൂസ്സ്, നൂയോർക്ക്**

gracepub@yahoo.com

വീണ്ടും ഒരു പുതുവർഷം പിറക്കുന്നു. വർഷങ്ങൾ ക്രുത്യമായി വരുകയും പോകുകയും ചെയ്യുന്നത് പ്രക്രുതിയുടെ നിയോഗം. എന്നാൽ മൂഢനായ മനുഷ്യൻ അതിനെ എതിരേൽക്കാനു, തോളിലേറ്റാനും, ആഘോഷിക്കാനും ശ്രമിക്കുന്നതാണ് കൗതുകം. പുതിയ വർഷം പിറക്കുമ്പോൾ ചിലരെല്ലാം ശപഥങ്ങൾ എടുക്കുന്നു. ഈ വർഷം മുതൽ ഞാൻ നല്ലവനാകും. ഈ വർഷം മുതൽ ഞാൻ ദൈവത്തിൽ വിശ്വസിക്കും. അവന്റെ വചനങ്ങൾ പാലിക്കും. കൂടുതലായി നമ്മൾ കേൾക്കുന്ന ശപഥങ്ങളിൽ ഒന്നാണ് "സിഗരറ്റ് വലി നിറുത്തുന്നു, കള്ള് കുടി നിറുത്തുന്നു". പുതുവർഷം പുലർന്നസ്തമിക്കുമ്പോൾ എല്ലാ പ്രതിജ്ഞകളും അപ്രത്യക്ഷമായിരിക്കും. വാഗ്ദാനങ്ങൾ ലംഘിക്കാനും നുണകൾ പാലിക്കാനുമാണെന്ന് പറയുന്നത് എത്രയോ ശരി.




"Be drunken,
if you would not be martyred slaves of Time;
be drunken continually!
With wine,
with poetry,
or with virtue,
as you will."

***Be Always Drunken,***
**by Charles Baudelaire (1821-1867)**

വാസ്തവത്തിൽ എന്തിനാണീ പുതുവത്സര വാഗ്ദാനങ്ങൾ എന്ന് ആരും ചിന്തിക്കുന്നില്ല. ഒരാൾക്ക് നല്ലവനാകാൻ ഒരു വർഷം പിറക്കുന്ന ദിവസത്തിനു വേണ്ടി കാത്തിരിക്കേണ്ട ആവശ്യമില്ല. മതമേധാവികളും കച്ചവടക്കാരും കൂടി ഉണ്ടാക്കിയി ഒരു കപടനാടകമാണ് പുതുവർഷ പിറവി ആഘോഷം. അന്ന് ശപഥങ്ങൾ എടുക്കാൻ മതാധികാരികൾ പാവം മനുഷ്യരെ പ്രലോഭിപ്പിക്കുന്നു. അന്നെങ്കിലും ജനം കള്ളടിക്കാതിരുന്നാൽ ആ കാശ് തങ്ങളുടെ പോക്കറ്റിൽ വീഴുമെന്നു അവർക്കറിയാം. കച്ചവടക്കാർക്കറിയാം പ്രലോഭനങ്ങളിൽ മനുഷ്യൻ വീഴുമെന്ന്. അവന്റെ വീഴ്ച്ച് തന്നെ പ്രലോഭനങ്ങളിൽ നിന്നാണു.ചിലർ അന്നു മൂക്കു മുട്ടെ കഴിച്ച് പിറ്റെ ദിവസം മുതലാണ് പ്രതിജ്ഞ പാലിക്കാമെന്ന് തീരുമാനിക്കുന്നത്. അങ്ങനെയുള്ളവർക്ക് സ്വർഗ്ഗം കിട്ടാൻ വൈകുമെന്നൊക്കെ മതാധികാരികൾ പേടിപ്പിച്ച് നോക്കിയിട്ടും കുടിയന്മാർ അത് ഗൗനിക്കുന്നില്ല. നമ്മുടെ മലയാളികളും സായിപ്പിന്റെ വാലിൽ തൂങ്ങി നടത്തുന്ന കുരങ്ങുകളിയാണു നൂയറിലെ പ്രധാന വിനോദം. ത്രുശ്ശൂർ പൂരത്തിനു പുലിക്കളിയുള്ളപോലെ സായിപ്പിനെ അനുകരിക്കുന്ന മലയാളികളുടെ കുരങ്ങ് കളി.

പുതുവർഷം വെറും ഒരു കണക്ക്കൂട്ടലിൻെറ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ ദിവസം മാത്രം.. അത് ലോകത്തിൽ പല സ്ഥലത്തും പലേ ദിവസങ്ങളിലാണ്. നമ്മുടെ ഇന്ത്യയിൽ തന്നെ നോക്കുക. ഗുജറാത്തികൾക്ക് വർഷം ആരംഭിക്കുന്നത് ദീപാവലിക്കാണു. കേരളത്തിൽ ഹിന്ദുക്കൾ മേടം ഒന്ന് പുതുവർഷപിറപ്പായി കണക്കാക്കുന്നു. അവിടെത്തന്നെ ചിലർ ചിങ്ങം ഒന്ന് പുതുവത്സരമായി കരുതുന്നു. അതുകൊണ്ട് ശപഥങ്ങൾ ചെയ്യാൻ ഏത് ദിവസവും തിരഞ്ഞെടുക്കാം.

പിന്നെയൊരു കൂട്ടർ ദൈവത്തെ തേടി ദേവാലയങ്ങൾ സന്ദർശിക്കുന്നു. അവിടെ വച്ച് കരഞ്ഞും, നെഞ്ചത്തടിച്ചും, ക്ഷമചോദിച്ചും, ദൈവത്തിൻെറ മുന്നിൽ പ്രതിജ്ഞ എടുക്കുന്നു. "ഞാൻ നല്ലവനാകാം ദൈവമേ, ഇതാ നിൻെറ മുന്നിൽ വച്ച് ഞാൻ ശപഥം ചെയ്യുന്നു. മനുഷ്യൻെറ ഈ കഷ്ടപ്പാട് കണ്ട് ദൈവം അനങ്ങുന്നില്ല, മിണ്ടുന്നില്ല. അങ്ങേരല്ലെ ഇവന്മാരെ സ്രുഷ്ടിച്ചത്, ഇവർ പറയുന്നത് എന്താണെന്ന് ഇവർക്ക് തന്നെയറിയില്ലെന്നറിയുന്ന ദൈവം ഇതെല്ലാം കണ്ട് ഏത ് നേരത്ത് ഇവന്മാരെ സ്രുഷ്ടിക്കാൻ തോന്നി എന്നാലോചിച്ച് വിഷമിച്ചിരുന്നിരിക്കണം. .

എല്ലാമറിയുന്ന ദൈവത്തെ തേടി എന്തിനു മനുഷ്യൻ ഈ പുതുവർഷപിറവിനാൾ ഇങ്ങനെ കഷ്ടപ്പെടുന്നു. ഓരോ നിമിഷവും ഒരാൾ എന്തു ചെയ്യാൻ പോകുന്നു എന്ന് ദൈവത്തിനറിയാം. തന്നെയുമല്ല പണ്ട് പണ്ട് അദ്ദേഹം നിങ്ങളോട് പറഞ്ഞില്ലെ. എന്നെ അന്വേഷിച്ച് വരണ്ട. എനിക്ക് നിങ്ങളെകൊണ്ടാവശ്യമുണ്ടെങ്കിൽ ഞാനങ്ങോട്ട് വരും. എനിക്ക് നിങ്ങളുടെ മേൽ വിലാസമ്മറിയാം. നിങ്ങൾ വാതിൽ പൂട്ടിസുഖമായി വീട്ടിൽ ഉറങ്ങുക. ശപഥം ചെയ്ത് എന്നെ വിശ്വസിപ്പിക്കാൻ ശ്രമിക്കണ്ട. നിങ്ങളുടെ ശപഥത്തിനും വാക്കിനും എന്തു വില. കോഴി കൂവും മുമ്പെ മൂന്നു തവണ എന്നെ തള്ളി പറയുന്ന നിങ്ങൾക്ക് എന്തു സ്ഥിരത. ആണിപ്പഴുതിലൂടെ കയ്യിടാതെ വിശ്വസിക്കാൻ കഴിയാത്ത നിങ്ങൽക്ക് എന്തു വിശ്വാസം.

ദൈവം സുസ്മേരവദനനായി അവരെ ഉപദേശിച്ചു. സ്നേഹത്തിൻേറയും പരസ്പര സഹായത്തിൻേറയും ലഹരിയുള്ള വീഞ്ഞ് വാറ്റുക. അത് കുറെശ്ശെ കുടിച്ച് ജീവിതത്തിൻെറ കാർണിവൽ കണ്ട് കറങ്ങി നടക്കുക. ഉറക്കം വരുമ്പോൾ വീട്ടിലെത്തുക. അങ്ങനെ നിങ്ങൾ അനുഭൂതികളുടെ ലോകത്ത് ആസ്വാദകരമായ നിമിഷങ്ങൾ പങ്കിടുമ്പോൾ ഞാൻ വാതിലിൽ മുട്ടും. അപ്പോൾ തുറക്കുക. എന്തിനാണു പുതുവത്സരപിറവി എന്ന് കലണ്ടറിൽ കാണിക്കുന്ന ഒരു ദിവസം ബാറുകൾ തോറും കയറിയിറങ്ങി , ദേവാലയങ്ങളിൽ കയറിയിറങ്ങി നടക്കുന്നത്. എന്നെ സംബന്ധിച്ചേടത്തോളം എല്ലാ ദിവസവും പുതുവത്സരമാണു. നിങ്ങൾക്ക് ശപഥം ചെയ്യാനോ, ദുശ്ശീലങ്ങൾ മാറ്റി നല്ലവരാകാനോ, നന്മയുടെ ലോകം കെട്ടിപ്പടുക്കാനോ ഒരു പുതുവത്സരദിനത്തിനു കാത്തിരിക്കേണ്ട കാര്യമില്ല. ഏത് ദിവസവും അതിനവസരമുണ്ട്. ഭൂമി കറങ്ങികൊണ്ടേയിരിക്കുന്നു. നിങ്ങൾ കള്ളടിച്ച് കറങ്ങേണ്ട കാര്യമില്ല.

മിഥ്യയായ ധാരണകളും, പൊള്ളയായ വിശ്വാസങ്ങളും കൊണ്ട് വഴിതെറ്റിപോവാതെ സ്വന്തം വീട്ടിൽ എന്നെ കാത്തിരിക്കുക. വിളക്കിൽ എണ്ണയൊന്നും ഒഴിച്ച് കാത്തിരിക്കേണ്ട. എണ്ണയില്ലാത്ത വിളക്കുകൾ ഇപ്പോൾ ഉണ്ടല്ലോ? കേരളത്തിൽ ആണെങ്കിൽ പൗർ കട്ടിനെ ഭയപ്പെടുക. ഞാൻ ചിലപ്പോൾ പൗർ കട്ട് സമയത്തും വരും. കുടുമ്പം ഒരു ദേവാലയമാണു. ഓരൊ ദിവസവും മനോഹരമാക്കുകു. ആരോ കണക്ക് കൂട്ടി കണ്ടു പിടിച്ച ഒരു പുതുവത്സരദിനത്തിൽ മാത്രമെ നല്ല കാര്യങ്ങൾക്ക് തുടക്കമിടാവു എന്ന ധാരണ മാറ്റുക. ജീവിതം മുന്തിരിച്ചാറു പോലെയാണു. അതിൻെറ മധുരിമ നുകരുക. ഞാൻ നിങ്ങൾക്ക് കൂട്ടിനു തന്നവളെ നന്നായി ആസ്വദിക്കുക. അവളുടെ അധരങ്ങളിൽ വീഞ്ഞ് കുപ്പികൾ പൊട്ടുന്നു. അതു നുകർന്നെടുക്കുക. കുട്ടികൾ കുപ്പിപാൽ കുടിക്കുന്നപ്പോലെ കുപ്പിയിൽ കിട്ടുന്ന ലഹരി നുണയാൻ പോകാതെ അത് അവളിൽ നിന്നും നുകരുക. കുപ്പിപാൽ മുലപ്പാലിനൊപ്പം വരുന്നില്ല. പ്രിയ മനുഷ്യപുത്രരെ, പുതുവർഷം എന്ന് പറഞ്ഞ് മണ്ടത്തരം കാണിക്കാതെ ഓരൊ ദിവസവും ആനന്ദപ്രദമാക്കുക. ഒരിക്കലും നിങ്ങൾക്ക് കാണാൻ കഴിയാത്ത എന്നെ തേടി അലയാതിരിക്കുക. ഞാൻ നിങ്ങളിലുണ്ട്. അത് തിരിച്ചറിയുക. അങ്ങനെ നിങ്ങൾ മനസ്സിലാക്കുന്ന ദിവസം ഞാൻ നിങ്ങളുടെ അടുത്ത് വരും. അതിനായി പ്രവർത്തിക്കുക, കാത്തിരിക്കുക. കയ്യിലെ കാശും സമയവും മതത്തിൻെറ പേരിൽ വേഷം കെട്ടി നിൽക്കുന്നവർക്ക് കൊടുത്ത് വിഡ്ഢികളാകല്ലേ.

അന്ധവിശ്വാസങ്ങളിൽ നിന്നുണരുക. അപ്പോഴാണു ശരിക്കും പുതു വർഷം ഉദയം ചെയ്യുന്നത്. ദൈവം ഞങ്ങളിലുള്ളപ്പോൾ ( അഹം ബ്രഹ്മാസ്മി. ഭഗവത് ഗീത 9:29... തു യേ മാം ഭക്ത്യാ ഭജന്തി തേ മയി അപി അഹം തേഷു ച = അർഥം എന്നെ ആർ ഭക്തിപൂർവ്വം ഭജിക്കുന്നുവാ അവർ എന്നിലും ഞാൻ അവരിലും വസിക്കുന്നു) ) എന്തിനു പള്ളിയിലും, അമ്പലങ്ങളിലും അതെപോലെ മനുഷ്യർ പണിത് വച്ചിരിക്കുന്ന കെട്ടിടങ്ങളിൽ പോകുന്നു. ഇനി മുതൽ അങ്ങനെ പോകില്ലെന്ന ഒരു ശപഥം ചെയ്താൽ ഇവിടം സ്വർഗ്ഗമാകും. അതായിരിക്കട്ടെ നിങ്ങൾ ചെയ്യുന്ന പ്രതിജ്ഞ. അപ്പോൾ മത വ്യാപാരത്തിന്റെ സ്റ്റോക്ക് മാർക്കറ്റുകൾ തകരും.നിങ്ങൾക്ക് ലാഭമല്ലാതെ ഒരു നഷ്ടവും വരുകയില്ല. നിങ്ങൾക്ക് സമാധാനം.

ഇ-മലയാളിയുടെ എല്ലാ വായനക്കാർക്കും നന്മകൾ ഉണ്ടാകട്ടെ. അവർ അവരുടെ ആത്മീയ സ്റ്റോക്ക് മാർക്കറ്റുകൾ നിരീക്ഷിക്കട്ടെ.

ആമേൻ !